**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം**

0471-2342532 keralaprisons@gov.in

**<u>നടപടികൾ</u>**

| | |
|---|---|
| വിഷയം | : ജയിലുകൾ – ആസ്ഥാനകാര്യാലയം – ജീവനക്കാര്യം – മദ്ധ്യമേഖലാ ഡി.ഐ.ജി. ഓഫീസ്, **SICA Extension Centre**-ലെ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം | : 1) മദ്ധ്യമേഖലാ ഡി.ഐ.ജി.യുടെ **04.07.2026, 20.08.2026** തീയതികളിലെ **KPCS/DIG/CZ/242/2025-G** നമ്പർ കത്തുകൾ<br>2) ഈ കാര്യാലയത്തിലെ **22.09.2026** ലെ **KPCS/6526/2025-P3** നമ്പർ ഉത്തരവ് |

**<u>ഉത്തരവ് നമ്പർ: KPCS/4702/2026-E1; തീയതി: 12-10-2026</u>**

മദ്ധ്യമേഖലാ ഡി.ഐ.ജി.യുടെ നിലവിലെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം വളരെ പഴക്കം ചെന്നതും മേൽക്കൂരയ്ക്ക് കേടുപാടുകൾ സംഭവിച്ച് ചോർന്നൊലിക്കുന്ന അവസ്ഥയിലുമാണെന്നും, ജീവനക്കാരുടെയും ഓഫീസ് രേഖകളുടെയും സുരക്ഷ കണക്കിലെടുത്ത് അടിയന്തര അറ്റകുറ്റപ്പണി ആവശ്യമായ സാഹചര്യമാണെന്നും പരാമർശിത കത്ത് പ്രകാരം മദ്ധ്യമേഖലാ ഡി.ഐ.ജി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2. 03.07.2026**-ന് വകുപ്പുമേധാവിയുടെ അധ്യക്ഷതയിൽ വിയ്യൂർ അതീവ സുരക്ഷാ ജയിലിൽ ചേർന്ന യോഗത്തിൽ, നിലവിലെ സാഹചര്യത്തിൽ മദ്ധ്യമേഖലാ ഡി.ഐ.ജി. ഓഫീസ് **SICA Extension Centre**-ലെ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു എന്നും **SICA Extension Centre**-ലെ ഓഫീസ് പ്രവർത്തിച്ചിരുന്ന ഭാഗം മദ്ധ്യമേഖലാ ഡി.ഐ.ജി. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണെന്നും, ഇതിനായി ചെറിയ അറ്റകുറ്റപ്പണികളും മൂന്ന് ബാത്ത്റൂമുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തികളും മാത്രമാണ് ആവശ്യമായിട്ടുള്ളതെന്നും പരാമർശിത കത്തുകൾ പ്രകാരം മദ്ധ്യമേഖലാ ഡി.ഐ.ജി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** മദ്ധ്യ മേഖലാ ഡി.ഐ.ജി ഓഫീസ് താൽക്കാലികമായി വിയ്യൂർ സിക്ക എക്സ്റ്റൻഷൻ സെൻ്ററിലേക്ക് മാറ്റുന്നതിന് അന്തേവാസികളുടെ സേവനം വിനിയോ

ഗിച്ച് സിക്കയിൽ അറ്റകുറ്റപ്പണികൾ നടത്തി ഓഫീസ് ക്രമീകരിക്കുന്നതിലേയ്ക്കായി വിയ്യൂർ സെൻട്രൽ പ്രിസൺ സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയും,
അതിലേക്കായി ലഭ്യമാക്കിയ **99,601/-** രൂപയുടെ **Estimate** അംഗീകരിച്ച് ടി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. മേൽ സാഹചര്യങ്ങൾ പരിഗണിച്ച്, മദ്ധ്യമേഖലാ ഡി.ഐ.ജി. ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്ന് വിയ്യൂർ **SICA Extension Centre**-ലെ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. ഇതിനായി ആവശ്യമായ അറ്റകുറ്റപ്പണികൾ പരാമർശം (2)-ൽ നിഷ്ക്കർഷിച്ചിരിക്കും പ്രകാരം നിലവിലുള്ള ചട്ടങ്ങളും സാമ്പത്തിക നടപടിക്രമങ്ങളും പാലിച്ച് നിർവഹിക്കേണ്ടതാണ്.

**DINESH B**

**DEPUTY INSPECTOR GENERAL OF PRISONS(HQ)**

ഡയറക്ടർ ജനറൽ,

പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് - ന് വേണ്ടി

സ്വീകർത്താവ്: ഡി.ഐ.ജി.(മദ്ധ്യമേഖല),

പകർപ്പ്: സൂപ്രണ്ട്, സെൻട്രൽ പ്രിസൺ, വിയ്യൂർ
ഡയറക്ടർ, **SICA**, തിരുവനന്തപുരം

(അറിവിലേക്കായി).

എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും,

ജയിൽ ആസ്ഥാന കാര്യാലയത്തിലെ എല്ലാ

ഉദ്യോഗസ്ഥർക്കും

Digitally signed by
Dinesh Bhagavathi Pillai
Date: 12-10-2026
10:52:06